**ഒമാനിലെ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു (ഡിസംബർ 18, 2025)**

ഡിസംബർ 18, 2025

മസ്കറ്റിലെ ഇന്ത്യൻ സമൂഹത്തിന്റെ വലിയ സമ്മേളനത്തെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്തു. വിവിധ ഇന്ത്യൻ സ്കൂളുകളിൽ നിന്നുള്ള 700-ലധികം വിദ്യാർത്ഥികൾ സദസ്സിലുണ്ടായിരുന്നു.
ഒമാനിൽ ഇന്ത്യൻ സ്കൂളുകൾ സ്ഥാപിതമായതിന്റെ 50-ാം വാർഷികം ഈ വർഷം ആഘോഷിക്കുന്നതിനാൽ അവിടുത്തെ ഇന്ത്യൻ സ്കൂളുകൾക്ക് ഈ വർഷം പ്രത്യേക പ്രാധാന്യം ഉള്ളതാണ്.

2. സദസ്സിനെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി, ഇന്ത്യയിലെ കുടുംബങ്ങളുടെയും സുഹൃത്തുക്കളുടെയും ആശംസകൾ അവരെ അറിയിച്ചു. ഊഷ്മളവും വർണ്ണാഭവുമായ സ്വാഗതം നൽകിയതിന് അദ്ദേഹം അവർക്ക് നന്ദി പറഞ്ഞു. ഒമാനിൽ സ്ഥിരതാമസമാക്കിയ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകളെ കണാനായതിൽ സന്തോഷമുണ്ടെന്നും വൈവിധ്യം ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറയാണെന്നും അദ്ദേഹം പറഞ്ഞു- അവർ ഭാഗമായ ഏതൊരു സമൂഹത്തിലും ഇഴുകിച്ചേരാനുള്ള മൂല്യമിതാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ഒമാനിൽ ഇന്ത്യൻ സമൂഹത്തെ എത്ര നനന്നായി പരിഗണിക്കുന്നുവെന്ന് എന്നതിനെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, സഹവർത്തിത്വവും സഹകരണവും ഇന്ത്യൻ പ്രവാസികളുടെ മുഖമുദ്രയാണെന്ന് അടിവരയിട്ടു.

3. ഇന്ത്യയും ഒമാനും മാണ്ഡ്വി മുതൽ മസ്കറ്റ് വരെ നീളുന്ന പുരാതനമായ ബന്ധങ്ങൾ ആസ്വദിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു, കഠിനാധ്വാനത്തിലൂടെയും ഒരുമയിലൂടെയും ഇന്ന് പ്രവാസികൾ ഈ ബന്ധം വളർത്തിയെടുക്കുന്നു. ഭാരത് കോ ജനിയേ ക്വിസിൽ വലിയ തോതിൽ സമൂഹാംഗങ്ങൾ പങ്കെടുത്തതിനെ അദ്ദേഹം അഭിനന്ദിച്ചു. ഇന്ത്യ-ഒമാൻ ബന്ധത്തിന്റെ കേന്ദ്രബിന്ദുവാണ് അറിവ് എന്ന് ഊന്നിപ്പറഞ്ഞ അദ്ദേഹം രാജ്യത്ത് ഇന്ത്യൻ സ്കൂളുകൾ 50 വർഷം പൂർത്തിയാക്കിയതിന് അവരെ അഭിനന്ദിച്ചു. സമൂഹത്തിന്റെ

ക്ഷേമത്തിനായി നൽകുന്ന പിന്തുണയ്ക്ക് ആദരണീയനായ സുൽത്താൻ ഹൈതം ബിൻ താരിക്കിനും പ്രധാനമന്ത്രി നന്ദി പറഞ്ഞു.

4. ഇന്ത്യയുടെ പരിവർത്തനാത്മകമായ വളർച്ച, വികസനം എന്നിവയെ കുറിച്ചും, മാറ്റത്തിന്റെ വേഗതയെയും വ്യാപ്തിയെയും കുറിച്ചും, കഴിഞ്ഞ പാദത്തിലെ 8 ശതമാനത്തിലധികം വളർച്ചയിൽ പ്രതിഫലിക്കുന്ന സമ്പദ്‌വ്യവസ്ഥയുടെ ശക്തിയെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. കഴിഞ്ഞ 11 വർഷത്തെ ഗവൺമെന്റിന്റെ നേട്ടങ്ങളെ പരാമർശിച്ചുകൊണ്ട്, അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പാദനം, ആരോഗ്യ സംരക്ഷണം, ഹരിത വളർച്ച, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളിൽ രാജ്യത്ത് പരിവർത്തനാത്മക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകോത്തര നിലവാരമുള്ള നവീകരണം, സ്റ്റാർട്ടപ്പ്, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, ആവാസവ്യവസ്ഥ എന്നിവ വികസിപ്പിക്കുന്നതിലൂടെ 21-ാം നൂറ്റാണ്ടിനായി ഇന്ത്യ സ്വയം തയ്യാറെടുക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ നടക്കുന്ന എല്ലാ ഡിജിറ്റൽ പേമെന്റുകളുടെയും ഏകദേശം 50% വരുന്ന ഇന്ത്യയുടെ UPI, അഭിമാനമുണ്ടാക്കുന്ന നേട്ടമാണെന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചു. ചന്ദ്രനിൽ ഇറങ്ങിയത് മുതൽ ആസൂത്രിതമായ ഗഗൻയാൻ മനുഷ്യ ബഹിരാകാശ ദൗത്യം വരെയുള്ള  ബഹിരാകാശ മേഖലയിലെ ഇന്ത്യയുടെ സമീപകാല നേട്ടങ്ങൾ അദ്ദേഹം എടുത്തുകാട്ടി. ഇന്ത്യയും ഒമാനും തമ്മിലുള്ള സഹകരണത്തിന്റെ ഒരു പ്രധാന ഭാഗമാണ് ബഹിരാകാശമേഖല എന്ന് എടുത്തുപറഞ്ഞ പ്രധാനമന്ത്രി യുവജനങ്ങൾക്കായുള്ള ISRO യുടെ യുവിക പ്രോഗ്രാമിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെ ക്ഷണിക്കുകയും ചെയ്തു. ഇന്ത്യ വെറുമൊരു വിപണിയല്ല, മറിച്ച് ചരക്കുകളും സേവനങ്ങളും മുതൽ ഡിജിറ്റൽ പരിഹാരങ്ങളിൽ വരെ ലോകത്തിന് ഒരു മാതൃകയാണെന്നും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

5. പ്രവാസികളുടെ ക്ഷേമത്തിനുള്ള ഇന്ത്യയുടെ ആഴത്തിലുള്ള പ്രതിബദ്ധത പ്രധാനമന്ത്രി അറിയിച്ചു, നമ്മുടെ ജനങ്ങൾക്ക് സഹായം ആവശ്യമുള്ളപ്പോഴെല്ലാം, എവിടെയാണെങ്കിലും അവരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

6. AI സഹകരണം, ഡിജിറ്റൽ ലേണിംഗ്, നവീകരണ പങ്കാളിത്തം, സംരംഭകത്വ കൈമാറ്റം എന്നിവയിലൂടെ ഇന്ത്യ-ഒമാൻ പങ്കാളിത്തം ഭാവി-സജ്ജമാണെന്ന് പ്രധാനമന്ത്രി സ്ഥിരീകരിച്ചു. വലിയ സ്വപ്നങ്ങൾ കാണാനും ആഴത്തിൽ പഠിക്കാനും ധൈര്യത്തോടെ നൂതനാശയങ്ങൾ കണ്ടെത്താനും അദ്ദേഹം യുവജനങ്ങളെ ആഹ്വാനം ചെയ്തു, അതിലൂടെ മാനവികതയ്ക്ക് അർത്ഥവത്തായ സംഭാവനകൾ നൽകാനും അദ്ദേഹം യുവജനങ്ങളോട് ആഹ്വാനം ചെയ്തു. പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ പൂർണ്ണ രൂപം ഇവിടെ കാണാം [Link].

**മസ്കറ്റ്**

**ഡിസംബർ 18, 2025**